## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2697 12.02.2019-ലെ മറുപടി

## വരൾച്ച നേരിട്ടുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | **ശ്രീ. കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| എ) വേനൽക്കാലത്ത് ഉണ്ടാകുന്ന വരൾച്ച നേരിടുന്നതിനായി വാട്ടർ അതോറിറ്റി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | എ. ഉദ്ദേശിക്കുന്നുണ്ട്. ഇത് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.<br>1.)സ്രോതസ്സുകളിൽ ഇപ്പോൾ നിലവിലുള്ള ജലം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനായി മേഖലാചീഫ് എഞ്ചിനീയർമാർക്ക് ഡിസംബർ മാസം തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>2.)ഇതിന്റെ അടിസ്ഥാനത്തിൽ പ്രാദേശികമായ സാഹചര്യം വിലയിരുത്തി താത്കാലിക തടയണ നിർമാണം, ഗ്യാലറി, ലീഡിങ് ചാനൽ എന്നിവയിലെ മണ്ണും ചെളിയും നീക്കം ചെയ്യൽ, തുടങ്ങി അത്യാവശ്യ മുൻകരുതൽ പ്രവൃത്തികൾ ആവശ്യാനുസരണം പൂർത്തിയാക്കിയിട്ടുണ്ട്.<br>3.)പുതിയ കിണർ കുഴിക്കൽ, കേടായതും കാര്യക്ഷമത കുറഞ്ഞതുമായ പമ്പ്/മോട്ടോർ തുടങ്ങിയവ നന്നാക്കൽ, ഇന്റർകണക്ഷൻ , ടാങ്കർ ലോറിക്ക് ജലം നിറക്കാനുള്ള സൗകര്യമൊരുക്കൽ തുടങ്ങി ജലവിതരണം സുഗമമായി നടത്തിക്കൊണ്ടു പോകാനുള്ള വിവിധയിനം പ്രവൃത്തികൾ പ്രാദേശികമായ ആവശ്യങ്ങൾക്കനുസരിച്ച് നടപ്പാക്കുന്നതാണ്.<br>4.)സാധ്യമായ സ്ഥലങ്ങളിൽ എല്ലാം ചെക്ക്ഡാമുകളും റെഗുലേറ്റർകംബ്രിഡ്ജുകളും നിർമ്മിക്കുവാനുള്ള പദ്ധതികൾ പരിഗണനയിലാണ്.<br>5.)ലഭ്യമായ ജലം വേണ്ട രീതിയിൽ സംരക്ഷിക്കുവാനാവശ്യമായ മുൻ കരുതൽ എടുക്കുവാൻ ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് .<br>6.)പൈപ്പിലൂടെയുള്ള ജലവിതരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ധനലഭ്യതയ്ക്കനുസരിച്ച് പുതിയ |

പദ്ധതികൾ ആവിഷ്കരിക്കുകയും നിലവിലുള്ളവ വിപുലീകരിക്കുകയും ചെയ്യുന്നുണ്ട്.

7.)എല്ലാ കാലത്തും ജലലഭ്യത ഉറപ്പുവരുത്തുവാൻ വേണ്ടി കാലപ്പഴക്കം ചെന്ന പൈപ്പുകൾ, പമ്പുകൾ, മോട്ടോറുകൾ മറ്റു അനുബന്ധ സാമഗ്രികൾ എന്നിവ മാറ്റി സ്ഥാപിച്ചും വിതരണശൃംഖലയിലുണ്ടാകുന്ന ലീക്കുകൾ സമയബന്ധിതമായി പരിഹരിച്ചും ജലചൂഷണം, ജലദുരുപയോഗം എന്നിവ തടയുന്നതിന് വേണ്ടി ബോധവൽക്കരണം നടത്തിയും നടപടികൾ സ്വീകരിക്കുന്നുണ്ട്.

8.)ജലഅതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകൾ സാധ്യമായ രീതിയിൽ സംരക്ഷിക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

9.)വരൾച്ചാ സമാനമായ സാഹചര്യം ഉണ്ടായാൽ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് ജലവിഭവവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നടത്തിയ അവലോകനയോഗത്തിൽ നിർദ്ദേശിക്കപ്പെട്ട അടിയന്തിര പരിഹാരമാർഗ്ഗങ്ങളിൽ നടപടി സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| **ബി** | വറ്റാത്ത ജലസ്രോതസ്സുകൾ കണ്ടെത്തി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ? | **ബി** | ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി അവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുക, നീരൊഴുക്ക് സുഗമമാക്കുക എന്നീ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നുണ്ട്. നദികളെത്തന്നെ ജലസംഭരണികളാക്കി മാറ്റുക എന്ന ചിന്തയുടെ അടിസ്ഥാനത്തിൽ സാധ്യമായ സ്ഥലങ്ങളിൽ എല്ലാം ചെക്ക് ഡാമുകളും റെഗുലേറ്റർകംബ്രിഡ്ജുകളും നിർമ്മിക്കുവാനുള്ള പദ്ധതികൾ പരിഗണനയിലാണ്. ജലഅതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകൾ സാധ്യമായ രീതിയിൽ സംരക്ഷിക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ദീർഘകാലാടിസ്ഥാനത്തിൽ ഭൂജലസ്രോതസ്സുകളെ വരൾച്ചയിൽ നിന്നും സംരക്ഷിക്കുന്നതിനായി ഭൂജലസംരക്ഷണവും കൃത്രിമഭൂജലസംപോഷണവും എന്ന പ്ലാൻ പദ്ധതി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കി വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ